7. അൽഫാറൂഖ് എൽ. പി. സ്കൂൾ

8. സുല്ലമുസ്സാം പബ്ലിക് സ്കൂൾ, അരീക്കോട്.

(സി) & (ഡി) അൺ-എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകുന്ന കാര്യത്തിൽ ഗവൺമെന്റ് നയപരമായ തീരുമാനം എടുത്തിട്ടില്ല.

ഇൻഫർമേഷൻ ടെക്നോളജി പഠിപ്പിക്കുന്നതിന് അദ്ധ്യാപകരെ നിയമിക്കാൻ നടപടി

66 [1469] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂളുകളിൽ എന്നുമുതലാണ് ഇൻഫർമേഷൻ ടെക്നോളജി ഒരു പ്രത്യേക വിഷയമായി പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയത് ;

(ബി) ഐ. ടി. യിൽ അദ്ധ്യാപനം നടത്തുന്നതിന് സ്കൂളുകളിൽ പ്രത്യേകം അദ്ധ്യാപകരെ നിയോഗിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ കമ്പ്യൂട്ടർ ഐച്ഛിക വിഷയമായി പഠിച്ച അദ്ധ്യാപകരെ ഇതിനായി നിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 8-ാം ക്ലാസ്സിൽ 2002-03 അദ്ധ്യയന വർഷം
9-ാം ക്ലാസ്സിൽ 2003-04 അദ്ധ്യയന വർഷം
10-ാം ക്ലാസ്സിൽ 2004-05 അദ്ധ്യയന വർഷം

(ബി) ഇല്ല. നിലവിലുള്ള അദ്ധ്യാപകർക്ക് ആവശ്യമായ കമ്പ്യൂട്ടർ പരിശീലനം നൽകി അവരെ ഉപയോഗിച്ച് ആദ്യം ഐ. ടി. വിദ്യാഭ്യാസവും അതിനുശേഷം ഐ. ടി. അധിഷ്ഠിത വിദ്യാഭ്യാസവും നൽകാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(സി) പരിഗണനയിലില്ല.

ഹയർ സെക്കണ്ടറി അദ്ധ്യാപകർക്ക് ബി. എഡ്. അഡ്മിഷന് സംവരണം

67 [1470] ശ്രീ. വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബി. എഡ്. യോഗ്യതയില്ലാത്ത ഹയർ സെക്കണ്ടറി അദ്ധ്യാപകർക്ക് ബി. എഡ്. അഡ്മിഷന് സംവരണം ഏർപ്പെടുത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ലെങ്കിൽ സംവരണം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ;

(സി) ഏതെല്ലാം വിഭാഗത്തിൽപ്പെട്ട അദ്ധ്യാപകർക്കാണ് ബി. എഡ്. അഡ്മിഷന് നിലവിൽ സംവരണം നൽകിവരുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഈ കാര്യം പരിശോധിച്ചുവരുന്നു.

(സി) പൊതുവിദ്യാഭ്യാസ വകുപ്പിന്റെകീഴിൽ ജോലി ചെയ്യുന്ന ബി. എഡ്. യോഗ്യതയില്ലാത്ത ബിരുദധാരികളായ ഭാഷാദ്ധ്യാപകരുൾപ്പെടെയുള്ള അദ്ധ്യാപകർ, പി.ഡി. ടീച്ചർമാർ, സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർ, ക്രാഫ്റ്റ് അദ്ധ്യാപകർ എന്നീ വിഭാഗത്തിൽപ്പെട്ട അദ്ധ്യാപകർക്കാണ് ബി. എഡ്. അഡ്മിഷന് സംവരണം നൽകി വരുന്നത്.

ഹൈസ്കൂൾ അദ്ധ്യാപകർക്ക് അതേ വിഷയത്തിൽ തന്നെ ബി. എഡ്. നിർബന്ധമാക്കാതിരിക്കുവാനുള്ള നടപടി

68 [1471] ശ്രീ. ഷിബു ബേബിജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൈസ്കൂൾ അദ്ധ്യാപകർക്ക് അതേ വിഷയത്തിൽ തന്നെ ബി. എഡ്. ആവശ്യമുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ നിയമം വരുന്നതിനുമുൻപ് ബി. എഡ്. എടുത്തവർക്ക് ഇത് ബാധകമാകുമോയെന്ന് വെളിവാക്കുമോ ;

(സി) ടി കാലയളവിലുള്ള ബി. എഡ്. കാർക്ക് ഇത് ബാധകമാക്കാതിരിക്കുവാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)—(സി) കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം 31 ചട്ടം 2 പ്രകാരം ഹൈസ്കൂൾ അദ്ധ്യാപക നിയമനത്തിന് ബന്ധപ്പെട്ട വിഷയത്തിൽ കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചതോ ആയ ഡിഗ്രിയും, ബി. എഡ്., ബി. റ്റി., എൽ.റ്റി. എന്നിവയിലേതെങ്കിലുമൊന്നുമാണ് യോഗ്യതയായി നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ സർക്കാർ സ്കൂളുകളിലേയ്ക്ക് നിയമനത്തിനുവേണ്ടി പി. എസ്. സി. അപേക്ഷ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുമ്പോൾ ബന്ധപ്പെട്ട വിഷയത്തിൽ ബി. എഡ്. വേണമെന്ന് നിഷ്കർഷിക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly